LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

26 [3197] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മിതി കേന്ദ്രം ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന പ്രധാന പ്രവർത്തികൾ ഏതൊക്കെയാണ്;

(സി) നിർമ്മിതി കേന്ദ്രം നിർമ്മാണ ചുമതല ഏറ്റെടുത്ത് ഇനിയും പൂർത്തിയാക്കേണ്ടതായ പ്രവൃത്തികൾ ഏതെല്ലാമാണ്;

(ഡി) തിരുവനന്തപുരം നഗരത്തിലെ ആക്കുളത്ത് പ്രവർത്തിച്ചുവരുന്ന നിർമ്മിതി കേന്ദ്രത്തിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഇ) നിർമ്മിതി കേന്ദ്രത്തിൽ വിദ്യാർത്ഥികൾക്കും തൊഴിലാളികൾക്കും നിലവിൽ പഠന കോഴ്സുകൾ നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ചെലവുകുറഞ്ഞതും പരിസ്ഥിതിയ്ക്ക് ഇണങ്ങുന്നതുമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനുള്ള സാങ്കേതിക സഹായം നൽകുക, അത്തരം നിർമ്മാണ ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കുക, നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിച്ച് ഉൽപ്പാദന കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുക, നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക, നൂതന നിർമ്മാണ പ്രവർത്തനങ്ങളിൽ എഞ്ചിനീയർമാർ, ആർക്കിടെക്റ്റുകൾ, നിർമ്മാണ തൊഴിലാളികൾ എന്നിവർക്ക് പരിശീലനം നൽകുക കൂടാതെ പുതിയതരം നിർമ്മാണ സാമഗ്രികളും നിർമ്മാണ രീതിയും വികസിപ്പിച്ചെടുക്കുവാൻ ആവശ്യമായ ഗവേഷണം നടത്തുക തുടങ്ങിയവയാണ് നിർമ്മിതി കേന്ദ്രത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം 15 റീജിയണൽ/റൂറൽ/പഞ്ചായത്ത് കേന്ദ്രങ്ങൾ മുഖേന ഏതാണ്ട് 12 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തിവരുന്നു. ഇവയിൽ ഏകദേശം 9 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവ ഏൽപ്പിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഏൽപ്പിച്ചിട്ടുള്ള 2.6 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ, സാമൂഹ്യ ക്ഷേമവകുപ്പിന്റെ 32 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ, കേരള യൂണിവേഴ്സിറ്റിയുടെ 46 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ, സി.ഇ.എസ്സ്.എസ്സ്. (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്),

LIBRARY ARCHIVES Kerala Legislative Assembly

റ്റി.ബി.ജി.ആർ.ഐ. (ട്രോപ്പിക്കൽ ബോട്ടണിക്കൽ ഗാർഡൻ ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) ഇവ ഏൽപ്പിച്ചിട്ടുള്ള 70 ലക്ഷം രൂപയുടെ പ്രവർത്തികൾ, തൃശ്ശൂർ ജില്ലയിൽ എം.പി./എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടെ 50 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇവയാണ് ഇതിൽ പ്രധാനപ്പെട്ടവ.

(സി) നിർമ്മിതി കേന്ദ്രത്തിന്റെ വിവിധ യൂണിറ്റുകൾ ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവർത്തികൾ എല്ലാംതന്നെ വിവിധ ഘട്ടങ്ങളിൽ എത്തി നിൽക്കുന്നവയാണ്. പ്രസ്തുത പ്രവർത്തികൾക്ക് സംസ്ഥാന നിർമ്മിതി കേന്ദ്രം സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് തുക ലഭ്യമാക്കുന്നതനുസരിച്ച് ഇവ പൂർത്തിയാക്കാൻ സാധിക്കും. തിരുവനന്തപുരം, കോട്ടയം എന്നീ ജില്ലകളിലെ ചില പഞ്ചായത്തുകൾക്കായുള്ള അംഗനവാടികളുടെ നിർമ്മാണം പൂർത്തിയാക്കുവാനുണ്ട്. പ്രസ്തുത പഞ്ചായത്തുകളിൽ നിന്നും മുഴുവൻ തുകയും ലഭിക്കാത്തതിനാലാണ് പൂർത്തീകരിക്കാൻ കഴിയാത്തത്.

(ഡി) തിരുവനന്തപുരം ജില്ല നിർമ്മിതി കേന്ദ്രത്തിന്റെ പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്റർ ആയിട്ടാണ് ആക്കുളം നിർമ്മിതി കേന്ദ്രം പ്രവർത്തിച്ചുവരുന്നത്. പ്രൊഡക്ഷൻ സെന്ററിൽ ഹോളോ ബ്ലോക്കിന്റെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ ചെലവു കുറഞ്ഞ സാങ്കേതിക വിദ്യയുടെ ബോധവൽക്കരണത്തിന്റെ ഭാഗമായുള്ള ഡെമോൺസ്ട്രേഷനും നടത്തിവരുന്നു. ട്രെയിനിംഗിനുവേണ്ടി ഇപ്പോൾ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ട്രെയിനിംഗ് നടത്തുന്നില്ല.

(ഇ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രവും സിസ് ഏജൻസി ഫോർ ഡവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷനും സംയുക്തമായി നടപ്പിലാക്കിവരുന്ന റൂറൽ ഹൗസിംഗ് പ്രോജക്ടിന്റെ ഭാഗമായി തെരഞ്ഞെടുത്ത 14 പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ വിദഗ്ദ്ധ തൊഴിലാളികൾക്ക് ചെലവു ചുരുങ്ങിയ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യയിൽ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. 15 പഞ്ചായത്തുകളിൽ ഈ പദ്ധതി പ്രകാരം പരിശീലന പരിപാടികൾ ആരംഭിച്ചു കഴിഞ്ഞു. രണ്ട് വർഷം കൊണ്ട് 26 പഞ്ചായത്തുകളിലും കൂടെ ഈ പദ്ധതി പ്രകാരം പരിശീലനം വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള കരാർ ഒപ്പുവച്ചിട്ടുണ്ട്.

റവന്യൂ ടവറുകളുടെ നിർമ്മാണം

27 [3198] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച ആറ്റിങ്ങൽ, തൊടുപുഴ, ഹോസ്ദുർഗ്, മാനന്തവാടി, കാഞ്ഞിരപ്പള്ളി, കൊട്ടാരക്കര, റാന്നി എന്നിവിടങ്ങളിലെ നിർദ്ദിഷ്ട റവന്യൂ ടവറുകളിൽ ഏതെല്ലാം ടവറുകളുടെ നിർമ്മാണമാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഹോസ്ദുർഗ് താലൂക്കിലെ റവന്യൂ ടവർ നിർമ്മിക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ?